X
2018

**SET – 4**

**Series : TYM**

**Code No. 12**

റോൾ നമ്പർ | | | | | | | |

പരീക്ഷാർത്ഥികൾ ഉത്തരകടലാസ്സിന്റെ ആദ്യ പുറത്തിൽ കോഡ് എഴുതിയിരിക്കണം.

- ചോദ്യക്കടലാസ്സിൽ **8** അച്ചടിച്ച പുറങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
- ചോദ്യക്കടലാസ്സിന്റെ വലതുവശത്ത് കൊടുത്തിരിക്കുന്ന കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ആദ്യപുറത്തിൽ എഴുതിയിരിക്കണം.
- ചോദ്യക്കടലാസ്സിൽ 7 ചോദ്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
- **ചോദ്യങ്ങളുടെ ക്രമനമ്പർ കൃത്യമായി ഇട്ടതിനുശേഷം ഉത്തരം എഴുതുക.**
- ചോദ്യങ്ങൾ വായിക്കാൻ 15 മിനിറ്റ് സമയം തരുന്നതായിരിക്കും. ചോദ്യക്കടലാസ് 10:15 a.m. മുതൽ 10:30 a.m. വരെ വിതരണം ചെയ്യപ്പെടും. ഈ സമയത്ത് ചോദ്യങ്ങൾ വായിക്കുകയല്ലാതെ ഉത്തരം എഴുതാൻ പാടുള്ളതല്ല.
- Please check that this question paper contains **8** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 7 questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 80*

*Time allowed : 3 hours* | *Maximum Marks : 80*

The Question Paper is divided into four sections :

| | |
|---|---|
| Section A : Reading Comprehension | 10 marks |
| Section B : Writing | 16 marks |
| Section C : Grammar | 17 marks |
| Section D : Literature | 37 marks |

## എ – വിഭാഗം

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

മാതാപിതാക്കളുടെ സ്വഭാവ സവിശേഷതകൾ സന്താനങ്ങളിലേയ്ക്ക് വ്യാപരിയ്ക്കുന്ന പ്രക്രിയയാണ് വംശപാരമ്പര്യം. മാതാപിതാക്കളിൽ നിന്ന് ഭിന്നമായി സന്താനങ്ങൾ പ്രകടിപ്പിയ്ക്കുന്ന സ്വഭാവ വിശേഷങ്ങളെ വ്യതിയാനങ്ങൾ എന്ന് പറയുന്നു. വംശപാരമ്പര്യത്തെയും വ്യതിയാനങ്ങളെയും കുറിച്ചുള്ള പഠനശാഖയാണ് ജനിതകശാസ്ത്രം.

ജനിതകശാസ്ത്രത്തിന് അടിത്തറപാകിയത് ഗ്രിഗർ ജൊഹാൻ മെൻഡൽ എന്ന ശാസ്ത്രജ്ഞനാണ്. ഓസ്ട്രിയക്കാരനായ ഒരു പുരോഹിതനായിരുന്നു ഇദ്ദേഹം. മെൻഡൽ പയറുചെടിയിൽ നടത്തിയ വർഗ്ഗ സങ്കരണ പരീക്ഷണങ്ങളാണ് ജനിതക ശാസ്ത്രരംഗത്ത് പിന്നീടുണ്ടായ പരീക്ഷണങ്ങൾക്കെല്ലാം പിന്നിൽ. മെൻഡലിനെ ജനിതകശാസ്ത്രത്തിന്റെ പിതാവായാണ് കണക്കാക്കുന്നത്. മാതാപിതാക്കളിൽ നിന്ന് സന്താനങ്ങളിലേയ്ക്ക് പാരമ്പര്യസ്വഭാവങ്ങൾ വഹിച്ചു കൊണ്ടുപോകുന്നത് ഡി.എൻ.എ. തന്മാത്രകളാണ്. മാതാപിതാക്കളുടെ ജീനുകളിൽ കൃത്രിമമായി മാറ്റമുണ്ടാക്കിയാൽ അത്തരം മാറ്റങ്ങൾ സന്താനങ്ങളിലേയ്ക്ക് പാരമ്പര്യമായി വ്യാപിയ്ക്കും. ഒരു പ്രത്യേക സ്വഭാവത്തിന് നിദാനമായ ജീനുകളെ നീക്കം ചെയ്യാനോ പുതിയ ജീൻ ഡി.എൻ.എ.യിൽ കൂട്ടിച്ചേർക്കാനോ ഇന്ന് കഴിയും. ഈ സാങ്കേതിക വിദ്യയാണ് ജനിതക എഞ്ചിനീയറിംഗ്.

**ചോദ്യങ്ങൾ** :

(i) എന്താണ് ജനിതകശാസ്ത്രം ? 2

(ii) മെൻഡലിനെ ജനിതകശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നത് എന്തുകൊണ്ട് ? 2

(iii) ആരാണ് ഗ്രിഗർ ജൊഹാൻ മെൻഡൽ ? 2

(iv) എന്താണ് ജനിതക എഞ്ചിനീയറിംഗ് ? 2

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക. 2

## ബി – വിഭാഗം

2. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. 8

(i) പ്രകൃതി സ്നേഹമില്ലാത്ത മനുഷ്യൻ

(ii) മാറുന്ന ലോകവും മാനവീകതയും

(iii) ബാലനീതി – അന്യമാകുന്ന ഭാരതം

(b) മാലിന്യത്തിൽ നിന്ന് എങ്ങനെ സ്വാതന്ത്ര്യം നേടാം എന്ന് വിശദീകരിച്ചുകൊണ്ട് പ്രമുഖ പത്രത്തിലേയ്ക്ക് കത്ത് തയ്യാറാക്കുക. 8

## സി – വിഭാഗം

3. (a) പ്രയോഗം മാറ്റുക. $2 \times 1 = 2$

(i) ഗുമസ്തൻ ചീട്ടെടുത്ത് അച്ചുകുത്തി.

(ii) ആ മാവു മുറിയ്ക്കണമെന്ന് സകലയുക്തികളും ഉപയോഗിച്ച് ഞാൻ വാദിച്ചു.

(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. $2 \times 1 = 2$

(i) ശിബിരത്തിൽ നിന്നു പുറത്തുചാടി ഓടാൻ ചെന്നവരെ ദ്വാരദേശത്തുവച്ചു കൃപരും കൃതവർമ്മാവും കൊന്നു വീഴ്ത്തി.

(ii) അയാൾ വീട്ടിലെത്തുന്നതിനുമുമ്പ് തന്നെ അയാൾക്ക് കടം കൊടുത്തവർ വീട്ടിലെത്തിയിരിയ്ക്കും.

(c) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. $2 \times 1 = 2$

(i) ദിഗ്വിജയം

(ii) അമ്മയൊരോർമ്മ

(d) വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക. $2 \times 1 = 2$

(i) മാനസതാര്

(ii) പിഞ്ഞാണ വർണ്ണം

(e) പര്യായപദങ്ങൾ എഴുതുക. $2 \times 1 = 2$

(i) പാടം

(ii) അമൃത്

(f) നാനാർത്ഥപദങ്ങൾ എഴുതുക. $2 \times 1 = 2$

(i) രാഗം

(ii) സാരം

(g) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. $2 \times 1 = 2$

(i) പിന്നിൽ നിലവിളി അകന്നു ശമിച്ചില്ലാതായി.

(ii) തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഢവും ഇടതൂർന്നതും ശ്യാമളവുമായ തലമുടികളിൽക്കൂടി വിരലോടിച്ചു പോവുക മാത്രം ചെയ്തു.

4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) വിപരീതപദം എഴുതുക. $2 \times \frac{1}{2} = 1$

(i) കൃതഘ്നത

[അകൃതഘ്നത, കൃതജ്ഞത, കൃതാർത്ഥത, കൃതഘ്ന]

(ii) പ്രാചീനം

[പുരാതനം, അർവ്വാചീനം, പഴയത്, പ്രാജനം]

(b) അർത്ഥ വ്യത്യാസം എടുത്തെഴുതുക. $2 \times \frac{1}{2} = 1$

(i) പ്രമാദം – പ്രമോദം

[നഗരം, ഓർമ്മക്കേട്, സന്തോഷം, ശോഭ]

(ii) ശീലം – ശീല

[തുണി, ഭംഗി, പതിവ്, തല]

(c) എതിർലിംഗം എടുത്തെഴുതുക. $2 \times \frac{1}{2} = 1$

(i) മുത്തശ്ശി

[മുത്തി, മുത്തശ്ശൻ, മുത്തപ്പൻ, മുത്തയ്യൻ]

(ii) പ്രിയ

[പ്രിയൻ, പ്രിയത, പ്രിയതമ, സുപ്രിയ]

## ഡി – വിഭാഗം

5. (a) ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക. $5 \times \frac{1}{2} = 2\frac{1}{2}$

(i) മുത്തശ്ശിമാർ പാടി പഠിച്ച പാട്ടേത് ?
[കാട്ടുചോലകൾ പാടിയ പാട്ട്, കാറ്റ് പാടിയ പാട്ട്, കിളികൾ പാടിയ പാട്ട്, ദേവതമാർ പാടിയ പാട്ട്]

(ii) വെയിൽസ് രാജകുമാരനിൽ നിന്ന് പട്ടും വളയും ലഭിച്ച കവി ?
[കുമാരനാശാൻ, വയലാർ, ഉള്ളൂർ എസ് പരമേശ്വരയ്യർ, വള്ളത്തോൾ നാരയണ മേനോൻ]

(iii) ഏകാന്തത കണ്ണുപൊത്തിക്കളിക്കുന്നിടം ഏത് ?
[ ജില്ലാശുപത്രിയ്ക്കരിക്, മാളിനു സമീപം, ക്ഷേത്ര മുറ്റത്ത്, വിദ്യാലയ മുറ്റത്ത്]

(iv) രാഗാദിസങ്കുലമായുള്ള സംസാരത്തെ എന്തിന് തുല്യമെന്നാണ് എഴുത്തച്ഛൻ പറയുന്നത് ?
[പാമ്പിന് തുല്യം, ക്ഷണപ്രഭയ്ക്ക് തുല്യം, സ്വപ്ന തുല്യം, ബ്രാഹ്മണന് തുല്യം]

(v) സംഗീതാത്മകമായ ഭാവഗീതശൈലിയിൽ നവ കാൽപ്പനികതയ്ക്ക് പ്രചാരം നല്കിയ കവി ആരാണ് ?

[റഫീക്ക് അഹമ്മദ്, മധുസൂദനൻ നായർ, ചങ്ങമ്പുഴ കൃഷ്ണപിള്ള, വൈലോപ്പിള്ളി ശ്രീധര മേനോൻ]

(b) (i) താഴെ പറയുന്നവയിൽ ഏതാണ് വധശിക്ഷയുടെ ചടങ്ങ്? $5 \times \frac{1}{2} = 2\frac{1}{2}$

[ഘടികാരങ്ങൾ ശബ്ദിയ്ക്കുന്നത്, മൂന്ന് കൊമ്പുവിളികൾ, പെരുമ്പറ മുഴക്കൽ, സൈറൺ മുഴങ്ങുന്നത്]

(ii) ഭാരതയുദ്ധം നടന്നതെവിടെവച്ചാണ് ?

[ കലിംഗയിൽ, ധർമ്മപുരിയിൽ, കുരുക്ഷേത്രത്തിൽ, ഛേദിയിൽ]

(iii) ശരൺ കുമാർ ലിംബാളെയുടെ ആത്മകഥോപാഖ്യാനം ഏതാണ് ?

[ ചൂവാചൂത്ത്, ബഹുജൻ, ഹിന്ദു, അക്കർമാശി]

(iv) ആരാണ് മലയാളത്തിലെ എക്കാലത്തെയും മികച്ച യാത്രാ വിവരണക്കാരൻ ?

[വയലാർ രാമവർമ്മ, എസ്. കെ. പൊറ്റെക്കാട്ട്, ഒ. വി. വിജയൻ, ശരൺകുമാർ ലിംബാളെ]

(v) പൂത്തിരി കത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ കവി ആരാണ് ?

[വൈലോപ്പിള്ളി ശ്രീധരമേനോൻ, ഇടശ്ശേരി ഗോവിന്ദൻ നായർ, ചെമ്മനം ചാക്കോ, ഒ.എൻ.വി. കുറുപ്പ്]

6. (a) ഉത്തരം എഴുതുക. $3 \times 4 = 12$

(i) "പാന്ഥർ പെരുവഴിയമ്പലം തന്നിലേ

താന്തരായ് കൂടി വിയോഗം വരുമ്പോലെ

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-

മെത്രയും ചഞ്ചലമാലയ സംഗമം."

സന്ദർഭം, ആശയം എന്നിവ വിശദീകരിക്കുക.

(ii) 'ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ' നളിനി ആരോടാണ് സ്വയം പരിചയപ്പെടുത്തുന്നത് ? ഇങ്ങനെ പരിചയപ്പെടുത്തിയതിന്റെ കാരണമെന്തെന്ന് പരിശോധിക്കുക.

(iii) "അമ്മ തന്നെയാണ് മാതൃഭാഷ" ഈ പ്രസ്താവനയുടെ പൊരുൾ എന്തെന്ന് അമ്മയുടെ എഴുത്തുകൾ എന്ന കവിത ആസ്പദമാക്കി വിലയിരുത്തുക.

(b) (i) "വേദങ്ങൾ പ്രമാണമാണെങ്കിൽ ഞാൻ അക്ഷയ ലോകങ്ങൾ നേടിയിരിയ്ക്കുന്നു." ദുര്യോധനന്റെ ഈ വാക്കുകൾക്ക് അടിസ്ഥാനമുണ്ടോ എന്ന് പരിശോധിക്കുക. $3 \times 4 = 12$

(ii) "വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽവെച്ച് വൃക്ഷമായത് മാവുതന്നെയാണ്" ഈ പ്രസ്താവനയെ എ. പി. ഉദയഭാനു സമർത്ഥിയ്ക്കുന്ന-തെങ്ങനെ ?

(iii) ഒ. വി. വിജയന്റെ "കടൽത്തീരത്ത്" എന്ന കഥയിലെ വെള്ളായിയപ്പനെ-ക്കുറിച്ച് ഒരു നിരൂപണം തയ്യാറാക്കുക.

7. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. $2 \times 4 = 8$

(i) "ചട്ടമ്പി സ്വാമികളുടെ ജീവിതം തന്നെയാണ് ആദ്ദേഹത്തിന്റെ സന്ദേശം." അദ്ദേഹത്തിന്റെ നവോത്ഥാന പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി വിലയിരുത്തുക.

(ii) ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും കണ്ടുമുട്ടിയതെങ്ങനെ ? അവരുടെ ബന്ധം വളർന്നതെങ്ങനെ എന്ന് വിശദീകരിക്കുക.

(iii) ചട്ടമ്പിസ്വാമികൾ ബാലാഹ്വൻ എന്ന പേരിൽ അറിയപ്പെടാനുണ്ടായ സംഭവം വിവരിയ്ക്കുക.

---